പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.61 25/04/2017- ലെ മറുപടിയ്ക്ക്

# ഇ എ ആർ എ എസ് പദ്ധതി

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(ബഹു. മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | EARAS – (Establishment of an Agency for reporting of Agricultural Statistics) പദ്ധതിക്കായുള്ള നിയമനങ്ങൾ ഉൾപ്പെടെ മുഴുവൻ ചെലവുകളും കേന്ദ്ര വിഹിതമാണോ; വിശദമാക്കാമോ ; | (എ) | EARAS പദ്ധതി 100% സെൻട്രൽ സെക്ടർ സ്കീമാണ്. ഈ പദ്ധതിയുടെ കീഴിൽ വരുന്ന എല്ലാ ചെലവുകളും കേന്ദ്ര സർക്കാർ ഓരോ സാമ്പത്തിക വർഷവും ഗ്രാന്റായി നൽകി വരുന്നു. നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയാണ് നടത്തുന്നത്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ ശമ്പളയിനത്തിൽ കുറവുവരുന്ന തുക സംസ്ഥാന ബഡ്ജറ്റിൽ നിന്നും ചെലവഴിക്കുകയും അത് കേന്ദ്ര സർക്കാരിൽ നിന്നും ഗ്രാന്റായി ലഭിക്കും എന്ന പ്രതീക്ഷയിൽ ജീവനക്കാർക്ക് നൽകി വരുന്നു. |
| (ബി) | EARAS-ൽ നിലവിൽ എത്ര നിയമനങ്ങൾ നടത്താനാണ് ശിപാർശ ചെയ്യപ്പെട്ടിട്ടുള്ളത്; നിയമനം നടത്തുന്നതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വിശദമാക്കാമോ ; | | **(ബി) യും (സി) യും (ഇ) യും**<br><br>103 സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് ശുപാർശ ചെയ്തിട്ടുള്ളത്. പ്രസ്തുത ശുപാർശ സർക്കാർ പുന:പരിശോധിച്ചു വരികയാണ്. |
| (സി) | പൂർണ്ണമായും . നിയമനവും മറ്റു ചെലവുകളും കേന്ദ്ര വിഹിതമാണെന്ന് 14/03/2017-ലെ 3452-ാം നമ്പർ നിയമസഭാ ചോദ്യത്തിന് മറുപടി പറയപ്പെട്ട EARAS -ൽ 103 തസ്തിക സൃഷ്ടിക്കുന്നതിന് ധനകാര്യ വകുപ്പിൽ അയച്ച ഫയൽ 438361/EXP A.3/2017/ഫിൻ സാമ്പത്തിക പ്രതിസന്ധി ചൂണ്ടിക്കാട്ടി തിരസ്കരിച്ച് തിരികെ അയക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ? | | |
| (ഇ) | EARAS-ൽ 103 തസ്തിക സൃഷ്ടിക്കുന്നതിനുള്ള ഫയൽ പുന:പരിശോധിച്ച് പൂർണ്ണമായും കേന്ദ്ര വിഹിതമായ പ്രസ്തുത പദ്ധതിയിൽ | | |

| | | | |
|---|---|---|---|
| | ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ: വ്യക്തമാക്കുമോ? | | |
| (ഡി) | പ്രസ്തുത ഫയലിൽ ഭരണവകുപ്പ് (827814 D2 16 Plg), ധനവകുപ്പ് (438361 EXP A 3 2017 ഫിൻ) ഉദ്യോഗസ്ഥർ എഴുതിയ കുറിപ്പ് ഫയൽ പകർപ്പ് ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ: | (ഡി) | ഈ വിഷയം സംബന്ധിച്ച ഭരണ വകുപ്പിന്റെ 827814/D2/16/പ്ലാനിംഗ് നമ്പർ ഫയലിലെ കുറിപ്പ് ഫയൽ അനുബന്ധം- "എ" ആയും ധനകാര്യ വകുപ്പിന്റെ 62770/Exp-A3/85/2015/Fin നമ്പർ ഫയലിലെ കുറിപ്പ് ഫയൽ അനുബന്ധം- "ബി " ആയും ചേർത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്